ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി & ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തേക്കടി വനങ്ങളിലെ മലമ്പണ്ടാരങ്ങളുടെ വരുമാനമാർഗ്ഗം

53 [884] ശ്രീ. സി. പി. മുഹമ്മദ് :

,, ജോർജ് ജെ. മാത്യു :

,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേക്കടി വനങ്ങളിൽ എത്ര മലമ്പണ്ടാരങ്ങൾ താമസമുണ്ട് ;

(ബി) ഇവരുടെ വരുമാന മാർഗ്ഗമെന്താണ് ;

(സി) ഇവർ എപ്രകാരം നിത്യവൃത്തി കഴിക്കുന്നു ;

(ഡി) ഇവർ മിക്കപ്പോഴും സമ്പൂർണ്ണ പട്ടിണിയിലാണോ ;

(ഇ) ഇവർക്ക് ജീവസന്ധാരണത്തിനുള്ള വരുമാനമാർഗ്ഗം നൽകുന്ന ജോലിയോ സൗജന്യ ഭക്ഷണമോ നൽകാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) 16 കുടുംബങ്ങൾ.

(ബി & സി) വനവിഭവങ്ങളുടെ ശേഖരണം വഴിയും അപൂർവ്വമായി കൂലിപ്പണി ചെയ്തും ഇവർ ഉപജീവനം നടത്തുന്നു. കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്ന സൗജന്യ റേഷൻ ഇവർക്ക് ലഭിക്കുന്നുണ്ട്.

(ഡി) അല്ല.

(ഇ) ഒരിടത്ത് സ്ഥിരമായി താമസിക്കാതെ കാട്ടിൽ അലഞ്ഞുനടക്കുന്ന പ്രകൃതക്കാരായതിനാൽ സ്ഥിരമായി വരുമാനമാർഗ്ഗം ലഭിക്കുന്ന തൊഴിൽ നൽകുന്നത് പ്രായോഗികമല്ല. സർക്കാർ അനുവദിക്കുന്ന സൗജന്യ റേഷനുപുറമേ ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങളും ജോലിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

മാപ്പിളപ്പാട്ട് ഗവേഷണ അക്കാഡമി സ്ഥാപിക്കുന്നതിന് നടപടി

54 [889] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ടി. ഉബൈദിന്റെ സ്മാരകമായി ഒരു മാപ്പിളപ്പാട്ട് ഗവേഷണ അക്കാഡമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പരിഗണിക്കാവുന്നതാണ്.

ചേന്നമത്ത് ശ്രീ മഹാദേവർ ക്ഷേത്ര പുനരുദ്ധാരണം

55 [890] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ അതിപുരാതനമായ ചേന്നമത്ത് ശ്രീ മഹാദേവർ ക്ഷേത്രം എന്നത്തേക്ക് പൊതുജനങ്ങൾക്കായി സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ചേന്ദമത്ത് മഹാദേവ ക്ഷേത്രത്തിന്റെ സംരക്ഷണ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. സംരക്ഷണ പണികൾ നടക്കുമ്പോഴും നിത്യ പൂജാദി കർമ്മങ്ങൾക്ക് തടസ്സം നേരിടുകയോ, ക്ഷേത്രം അടച്ചിടുകയോ, പൊതുജന പ്രവേശനത്തിന് തടസ്സമാകുകയോ ചെയ്തിട്ടില്ല.

സംരക്ഷിത സ്മാരകങ്ങളിലും മ്യൂസിയങ്ങളിലും വിദേശിയർക്ക് പ്രത്യേകം ടിക്കറ്റ് നിരക്ക്

56 [891] ശ്രീ. ജോണി നെല്ലൂർ :

,, ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സംരക്ഷിത സ്മാരകങ്ങളിലും മ്യൂസിയങ്ങളിലും വിദേശിയർക്ക് പ്രത്യേകം ടിക്കറ്റ് നിരക്ക് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിനെ ഒരു ഡീംഡ് യൂണിവേഴ്സിറ്റി ആക്കി പി. ജി. കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിനെ ഡീംഡ് യൂണിവേഴ്സിറ്റി ആക്കി പി. ജി. കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly